# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3728

19.03.2018–ൽ മറുപടിയ്ക്ക്

## കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകാനുണ്ടായ കാലതാമസം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ.എൻ. ജയരാജ് | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കോട്ടയം ഡിവിഷൻ, കാഞ്ഞിരപ്പള്ളി സബ് ഡിവിഷൻ, വാഴൂർ സെക്ഷൻ പരിധിയിലുള്ള ചാമംപതാൽ – തെക്കേത്തു കവല എന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കുള്ള ഭരണാനുമതി നൽകിയ തീയതി വെളിപ്പെടുത്തുമോ; | (എ) 14/02/17–ാം തീയതിയിലാണ് ഭരണാനുമതി നൽകിയത്. |
| (ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ച തീയതി അറിയിക്കുമോ; എന്നാണ് ടെണ്ടർ പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) സാങ്കേതികാനുമതി നൽകിയ തീയതി : 23.03.2017<br>ടെണ്ടർ പ്രസിദ്ധീകരിച്ച തീയതി : 27.03.2017 |
| (സി) കരാറുകാരൻ ടെണ്ടർ വിളിച്ചെടുത്ത തീയതി എന്നാണെന്ന് അറിയിക്കുമോ; | (സി) ടെണ്ടർ വിളിച്ചെടുത്ത തീയതി : 17.04.2017 |
| (ഡി) പ്രസ്തുത കരാറുകാരന് സെലക്ഷൻ ലെറ്റർ കൊടുത്ത തീയതി വെളിപ്പെടുത്തുമോ; | (ഡി) സെലക്ഷൻ ലെറ്റർ കൊടുത്ത തീയതി : 05.02.2018 |
| (ഇ) സെലക്ഷൻ നോട്ടീസ് കൊടുക്കാൻ പത്ത് മാസത്തോളം കാലതാമസം വരുത്തിയ സൂപ്രണ്ടിങ്ങ് എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) 17.07.2017–ൽ പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ എൽ.എം.ആർ തുക അംഗീകരിക്കുകയും, 09.08.2017–ൽ കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. ടെണ്ടർ പ്രസിദ്ധീകരിച്ച സമയത്തെ എൽ.എം.ആർ പ്രകാരമാണ് ടെണ്ടറിന് അംഗീകാരം നൽകിയത്. എന്നാൽ അംഗീകരിച്ച തുക ക്വാട്ട് ചെയ്ത തുകയേക്കാൾ കുറവായതിനാലും, ക്ലോസ് ഗ്രേഡ് ചിപ്പിംഗ് പ്രവൃത്തി ഉള്ളതിനാലും |

കരാറുകാരൻ എഗ്രിമെന്റ് വച്ചില്ല. ആയതിനാൽ ടെണ്ടർ ഓപ്പണിംഗ് സമയത്തെ എൽ.എം.ആർ തുക പ്രകാരം ടെണ്ടറിന് പുനഃരംഗീകാരം നൽകി, 05.02.2018-ൽ കരാറുകാരന് വീണ്ടും സെലക്ഷൻ നോട്ടീസ് നൽകി. ഇതു പ്രകാരം 15.02.2018-ന് എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. സൂപ്രണ്ടിങ്ങ് എഞ്ചിനീയറുടെ ഭാഗത്ത് നിന്നും സെലക്ഷൻ നോട്ടീസ് കൊടുക്കാൻ കാലതാമസം ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ